പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7507 17.07.2012- ൽ മറുപടിയ്ക്ക്

## ആനകളുടെ പരിരക്ഷയ്ക്കായി ആശുപത്രി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എ. റ്റി. ജോർജ്<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. സി. പി. മുഹമ്മദ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). |
| (എ) സംസ്ഥാനത്ത് ആനകളുടെ പരിരക്ഷയ്ക്കായി ആശുപത്രി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ആനകളുടെ പരിരക്ഷക്കായി ഒരു പ്രത്യേക ആശുപത്രി തുടങ്ങുന്നതിന് ഇപ്പോൾ ലക്ഷ്യമിട്ടിട്ടില്ല. ഓരോ ജില്ലകൾക്കും ജില്ലാ റഫറൽ കേന്ദ്രങ്ങളായി ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ ജില്ലാ വെറ്ററിനറി കേന്ദ്രം മുഖേന എലിഫന്റ് സ്കോഡുകൾ പ്രവർത്തിക്കുകയും മദപ്പാടുള്ള ആനകളെ നിയന്ത്രിക്കുന്നതിനും/ അടക്കുന്നതിനും ഈ യൂണിറ്റുകളുടെ സേവനം ലഭ്യമാക്കി വരുന്നു.<br>എന്നാൽ വനംവകുപ്പിന്റെ കീഴിൽ നാട്ടാനകളുടെ പരിചരണത്തിനും പരിപാലനത്തിനുമായി ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ തൃശ്ശൂർ ജില്ലയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. തിരുവനന്തപുരത്തെ കോട്ടൂർ ഉള്ള എലിഫെന്റ് കെയർ സെന്ററിനേയും എറണാകുളം ജില്ലയിലെ കാപ്രിക്കാട്ടുള്ള അഭയാരണ്യത്തേയും പുതുതായി തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ സാറ്റലൈറ്റ് സെന്ററുകളാക്കുവാനും ഉദ്ദേശിക്കുന്നു. |

(ബി) ഈത് സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) വനം വകുപ്പ് ഇത് സംബന്ധിച്ച് വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി 29.12.2011-ന് കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആശുപത്രി സമുച്ചയം, ലബോറട്ടറി, ഗൈന ക്കോളജി യൂണിറ്റ്, മൊബൈൽ വെറ്ററിനറി യൂണിറ്റ്, മനുഷ്യവിഭവശേഷി വികസന കേന്ദ്രം, രോഗമുള്ള ആനകളെ പ്രത്യേകം പാർപ്പിക്കുന്നതിനുള്ള ഐസൊലേഷൻ ഏരിയ, ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകൾ, ആനകളുടെ തീറ്റ ശേഖരിച്ച് വെയ്ക്കുവാനുള്ള പ്രത്യേകസ്ഥലം, ഇൻപേഷ്യന്റ് ആനകൾക്കായുള്ള പ്രത്യേക അടുക്കള ആനകൾക്ക് കുളിക്കുവാനായുള്ള പ്രത്യേക സ്ഥലം, തീറ്റ കൃഷി ചെയ്യുവാനുള്ള സ്ഥലം, മദപ്പാടുള്ള ആനകളെ പ്രത്യേകം സംരക്ഷിക്കുന്നതിനുള്ള സ്ഥലം, കാട്ടിൽ നിന്നും അനാഥരായി ലഭിക്കുന്ന ആനക്കുട്ടികളെ പരിപാലിക്കുന്നതിനുള്ള പ്രത്യേക വിഭാഗം, മൊബൈൽ വെറ്ററിനറി യൂണിറ്റിന് ആവശ്യമായുള്ള പ്രത്യേക വാഹനങ്ങൾ, പോസ്റ്റ്മോർട്ടം ചെയ്യുന്നതിനുള്ള സംവിധാനം, ക്രിമറ്റോറിയം മാലിന്യ സംസ്കരണത്തിനുള്ള പ്രത്യേക സംവിധാനങ്ങൾ മുതലായവ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥലം ഒഴികെ 1333 ലക്ഷം രൂപയുടെ ചെലവാണ് ഈ പദ്ധതിക്ക് പ്രതീക്ഷിക്കുന്നത്. എന്നാൽ മൃഗസംരക്ഷണ വകുപ്പ് ഇത് സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടില്ല.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ആശുപത്രി എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | വനം വകുപ്പ് പ്രസ്തുത ആശുപത്രി തൃശൂർ ജില്ലയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. |
| (ഡി) | പ്രസ്തുത പ്രോജക്ടിന്റെ ചെലവ് എത്രയാണ്? | (ഡി) | വനംവകുപ്പ് പ്രസ്തുത പ്രോജക്ടിനായി കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുള്ള പ്രോജക്ടിന്റെ ചെലവ് സ്ഥലം ഒഴികെ 1333 ലക്ഷം രൂപയായാണ് കണക്കാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ